"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ, I.A.S)

തിരുവനന്തപുരം

ഉത്തരവ് നം.: E11-34300/13. തീയതി: 20.01.2014

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- സീനിയർ സൂപ്രണ്ട്/ സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലെ സ്ഥാനക്കയറ്റം - ഡി.പി.സി സെലക്ട്റ്റ് ലിസ്റ്റ് പ്രകാരമുള്ള തസ്തികകളിൽ ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിച്ചും നിലവിലുള്ള ജീവനക്കാരെ പുനക്രമീകരിച്ച് നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. G.O(P)നം.23/2010/SWD dt: 30.3.2010.
2. G.O(P) No.77/2012/SJD Dt.27.12.2012.
3. 3.11.2012-ലെ സാമൂഹ്യനീതി ഡയറക്ടറുടെ E11-35972/12 നം. നടപടിക്രമം
4. 27.9.2013ലെ സാമൂഹ്യനീതി ഡയറക്ടറുടെ E11-34300/13 നമ്പർ നടപടിക്രമം
5. 3.9.2013ലെ E9-28390/12/DSJ (1) നം. സെലക്ട് ലിസ്റ്റ്.
6. 3.9.2013ലെ E9-28390/12/DSJ (2) നം. സെലക്ട് ലിസ്റ്റ്.
7. ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയേറിറ്റി ലിസ്റ്റ്.
8. 22.10.2013ലെ 15145/എ1/2013/സാ.നീ.വ നം. കത്ത്.

1) സാമൂഹ്യനീതി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന നിശ്ചിത യോഗ്യതയുള്ളവരായ ജീവനക്കാരെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കും, സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്കും ഉദ്യോഗക്കയറ്റം മുഖേന നിയമിക്കുന്നതിന് പരാമർശം (5), (6) പ്രകാരം സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു.

2) പരാമർശം (7) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനം.25 മുതൽ 41 വരെയുള്ള ജീവനക്കാരെ ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെടുത്തി സീനിയർ സൂപ്രണ്ടിന്റെ സെലക്റ്റ് ലിസ്റ്റും ക്രമ നം. 42 മുതൽ 47 വരെയുള്ളവരെ ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെടുത്തി ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -1 തസ്തികയുടെ സെലക്ട് ലിസ്റ്റുമാണ് പരാമർശം (5), (6) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. പരാമർശം (7) പ്രകാരമുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ശ്രീ.കൃഷ്ണൻകുട്ടിനായർ (ക്രമ നം..32) ശ്രീ.രാധാകൃഷ്ണകുറുപ്പ് (ക്രമ നം. 26) എന്നിവർ സർവ്വീസിൽ നിന്ന് 30.11.2012 തീയതിയിൽ വിരമിക്കുകയുണ്ടായി. പരാമർശം (3) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ താൽക്കാലിക പ്രൊമോഷൻ നൽകിയിരുന്ന 8 ജീവനക്കാരിൽ വിരമിച്ച മേൽ പ്രസ്താവിച്ച 2 ജീവനക്കാരെ ഒഴിവാക്കി 6 ജീവനക്കാരുടെ താൽക്കാലിക പ്രൊമോഷൻ KS&SSR ചട്ടം 28(എ)(i) പ്രകാരം റഗുലറൈസ് ചെയ്തുകൊണ്ടും സീനിയർ സൂപ്രണ്ടിന്റെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ട 8 ജീവനക്കാരെ ഉദ്യോഗക്കയറ്റം മുഖേന നിയമിച്ചുകൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ സീനിയർ സൂപ്രണ്ടിന്റെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 2 ജീവനക്കാരെ സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്കാണ് ഉദ്യോഗക്കയറ്റം മുഖേന നിയമിച്ചിരുന്നത്. ടി അനോമലി പരിഹരിക്കണമെന്ന് പരാമർശം (8)ലെ കത്ത് പ്രകാരം

സർക്കാർ നിർദ്ദേശിച്ചിരുന്നു. മേൽ നിയമനങ്ങൾ ചട്ടപ്രകാരം അനുവദനീയമല്ലാത്തതിനാൽ ആയത് പുനപരിശോധിച്ച് മേൽ ജീവനക്കാരെ പുനക്രമീകരണം വഴി നിയമിക്കേണ്ടതുണ്ട്.

3. മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ട്മാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കും , പരാമർശം (1) ലെ വിശേഷാൽ ചട്ടാനുസരണം നിശ്ചിത അനുപാതത്തിൽ സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I തസ്തികയിലേയ്ക്കും ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്. സാമൂഹ്യനീതി വകുപ്പിൽ 37 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയാണ് നിലവിലുള്ളത്. 2012-ലെ ഭേദഗതി വരുത്തിയ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം ഖണ്ഡിക 2(a) പ്രകാരം വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 8-ലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് 1:2:1 എന്ന അനുപാതത്തിൽ ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് -2, ജൂനിയർ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ / വി.റ്റി.സി സൂപ്പർവൈസർ / സോഷ്യൽ സയന്റിസ്റ്റ് എന്നീ വിഭാഗങ്ങൾക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്. അപ്രകാരം നിയമനം നടത്തുമ്പോൾ ആദ്യവിഭാഗത്തിന് 10ഉം രണ്ടാം വിഭാഗത്തിന് 18ഉം, മൂന്നാം വിഭാഗത്തിന് 9ഉം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് നിലവിലുള്ള കേഡർ സ്ട്രെങ്ത് പ്രകാരം ഉദ്യോഗക്കയറ്റം നൽകാവുന്നതാണ്. ആദ്യവിഭാഗത്തിൽ യോഗ്യരായ ജീവനക്കാർ ആരും ഇല്ലാത്തതിനാൽ ടി തസ്തികകളെല്ലാം ഒഴിച്ചിട്ടിരിക്കുകയാണ്. മൂന്നാം വിഭാഗത്തിന് അനുവദനീയമായ 9 തസ്തികകളിൽ 5 എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. രണ്ടാം വിഭാഗത്തിൽ പരാമർശം (5)ലെ സെലക്ട് ലിസ്റ്റ് പ്രകാരം സീനിയർ സൂപ്രണ്ടുമാരുടെ 15 ഒഴിവുകളിലേയ്ക്ക് 15 പേരുടെ സെലക്റ്റ് ലിസ്റ്റും പരാമർശം (6)ലെ സെലക്റ്റ് ലിസ്റ്റ് പ്രകാരം സൂപ്രണ്ട് ഗ്രേഡ് I ന്റെ 4 ഒഴിവുകളിലേയ്ക്ക് 6 പേരുടെ സെലക്റ്റ് ലിസ്റ്റുമാണ് ഡി.പി.സി കൂടി പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇപ്രകാരം 21 ജൂനിയർ സൂപ്രണ്ടുമാരെയാണ് സീനിയർ സൂപ്രണ്ടുമാർ / സൂപ്രണ്ട് ഗ്രേഡ് -1 സെല്കറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ്ട്ടുള്ളത്. (സീനിയർ സൂപ്രണ്ടിന്റെ സെലക്റ്റ് ലിസ്റ്റിലേയ്ക്ക് 25 മുതൽ 41 വരെയും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I സെലക്റ്റ് ലിസ്റ്റിലേയ്ക്ക് 42 മുതൽ 47 വരെയും). പരാമർശം (5)ലെ സെലക്റ്റ് ലിസ്റ്റിൽ നിന്ന് സീനിയർ സൂപ്രണ്ടായി 12 പേർക്ക് ഉദ്യോഗക്കയറ്റം നൽകിയ പരാമർശം (4) ലെ ഉത്തരവിൽ അതേ സമയത്ത് തന്നെ ഒഴിവുണ്ടായിരുന്ന ഗ്രേഡ് I സൂപ്രണ്ടിന്റെ 2 തസ്തികകളിലേയ്ക്കും പരാമർശം (5)ലെ സീനിയർ സൂപ്രണ്ടിന്റെ സെലക്റ്റ് ലിസ്റ്റിൽ നിന്നാണ് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്.

4. സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുള്ള ആറ് ഒഴിവുകൾ ക്രമീകരിച്ചത് ഉൾപ്പെടെയുള്ള സീനിയർ സൂപ്രണ്ടിന്റെ 12 ഒഴിവുകൾ 27.09.2013-ൽ നിലവിലുണ്ടായിരുന്നു. ഇതുകൂടാതെ സീനിയർ സൂപ്രണ്ട് വിഭാഗത്തിൽ 2 ഒഴിവുകൾ 01.12.2013ൽ മാത്രമെ ഉണ്ടാകുമായിരുന്നുള്ളു. സൂപ്രണ്ട് ഗ്രേഡ് -1 ന്റെ രണ്ട് ഒഴിവുകൾ 27.09.2013-ൽ നിലവിലുണ്ടായതിനാൽ സീനിയറും, സീനിയർ സൂപ്രണ്ടിന്റെ സെലക്ട് ലിസ്റ്റിൽ ഉൾപ്പട്ടതുമായ ജൂനിയർ സൂപ്രണ്ടുമാരെ ഒഴിവാക്കി സൂപ്രണ്ട് ഗ്രേഡ് -1-ന്റെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ജൂനിയറായ ജീവനക്കാരന് പ്രൊമോഷൻ നൽകേണ്ട അവസ്ഥ സംജാതമായി. എന്നാൽ ഓരോ വിഭാഗത്തിലും ഉദ്യോഗക്കയറ്റ തീയതിയിൽ (27.9.2013-ൽ) യഥാർത്ഥ ഒഴിവിനേക്കാളും അധികമായി സെലക്ട് ലിസ്റ്റിൽ ജൂനിയർ സൂപ്രണ്ടുമാർ

ഉണ്ടായിരുന്നത്മൂലം സീനിയറായ രണ്ട് ജൂനിയർ സൂപ്രണ്ടുമാർക്ക് സീനിയർ സൂപ്രണ്ടായി നിയമനം ലഭിക്കുന്നതിന് മുമ്പ് ജൂനിയറായ രണ്ട് ജൂനിയർ സൂപ്രണ്ടുമാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I ആയി നിയമനം നൽകിയാൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലംഘിക്കപ്പെടേണ്ടതായി വരും. കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം 2010 ഭേദഗതി ചട്ടം 2012 എന്നിവയിലെ കാറ്റഗറി 5-ലെ ജില്ലാ സാമൂഹ്യനീതി ആഫീസറുടെ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് ഫീഡർ കാറ്റഗറിയായ ഐറ്റം 3-ലെ (Categories 8, 9, and Senior Superintendent and equated posts of Social Justice Dept.) സീനിയോറിറ്റി ലംഘിക്കപ്പെടാനും ഇത് ഇടയാക്കും. ആയത് മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ടുമാർ തമ്മിലുള്ള കോടതി വ്യവഹാരങ്ങൾക്കും കാരണമാകും. ഇപ്രകാരം സീനിയോറിറ്റി ലംഘിക്കപ്പെടാതിരിക്കാൻ വേണ്ടിയാണ് പരാമർശം (5)-ലെ സെലക്ട് ലിസ്റ്റിൽ നിന്നും 2 സീനിയർ സൂപ്രണ്ടുമാരെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്- I ആയി നിയമിച്ചത്. മേൽ ക്രമീകരണം പരാമർശം (7) പ്രകാരം അനോമലി ചൂണ്ടിക്കാട്ടിയ സാഹചര്യത്തിലും, വിശേഷാൽ ചട്ടത്തിന് വിരുദ്ധമായതിനാലും 1.11.2013 പ്രാബല്യത്തിൽ വകുപ്പിൽ സീനിയർ സൂപ്രണ്ടിന്റെയും ഗ്രേഡ് I സൂപ്രണ്ടിന്റെയും രണ്ട് ഒഴിവുകൾ നിലനിൽക്കുന്നതിനാലും പരാമർശം (5)ലെ സീനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റിൽ നിന്ന് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച താഴെ ചേർക്കുന്ന രണ്ട് ജീവനക്കാരെ അവരവർ ഉൾപ്പെട്ടിട്ടുള്ള സെലക്ട് ലിസ്റ്റ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിൽ താഴെ പറയും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും കാര്യാലയവും | 27.9.13ലെ E11-34300/13 നം. നടപടി ക്രമം പ്രകാരം നിയമിച്ച കാര്യാലയം | ഉദ്യോഗക്കയറ്റം / സ്ഥലംമാറ്റി നിയമിക്കുന്ന കാര്യാലയം | ജീവനക്കാരനെ വിടുതൽ ചെയ്യുന്നതിന് ചുമതല ഏറ്റെടുക്കേണ്ട ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|---|
| 1. | ശ്രീ.സി.രാമചന്ദ്രൻ റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ, എറണാകുളം. | റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ, എറണാകുളം. | സീനിയർ സൂപ്രണ്ട്, ജില്ലാതല ICDS സെൽ, എറണാകുളം. | ശ്രീ.ജോൺജോഷി ലോജിസ്ററിക് ഓഫീസർ കം സ്റ്റോർ കീപ്പർ, എറണാകുളം |
| 2. | ശ്രീ.വി.എൻ.സുരേഷ്കുമാർ ഡെപ്യൂട്ടി സൂപ്രണ്ട് Gr.I സ്പെഷ്യൽ ഹോം, തിരുവനന്തപുരം. | ഡെപ്യൂട്ടി സൂപ്രണ്ട് Gr.I സ്പെഷ്യൽ ഹോം, തിരുവനന്തപുരം. | സീനിയർ സൂപ്രണ്ട്, ജില്ലാതല ICDS സെൽ, ആലപ്പുഴ | ശ്രീ.കെ.മധുസൂദനൻ സൂപ്രണ്ട് ഗ്രേഡ് -I സ്പെഷ്യൽ ഹോം, തിരുവനന്തപുരം. |

5. ഈ കാര്യാലയത്തിലെ 11.10.2013-ലെ E11-34300/13- ാം നമ്പർ നടപടി ക്രമപ്രകാരം പരാമർശം (5) സെലക്ട് ലിസ്റ്റിലെ 15- ാം നമ്പർ പേരുകാരനായ

ശ്രീ.കെ.പി.അസൈനാറെ സീനിയർ സൂപ്രണ്ടായി ഡെപ്യൂട്ടേഷനിൽ നിയമനം ലഭിച്ച ശ്രീ.ചന്ദ്രമോഹൻ നായരുടെ ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുകയുണ്ടായി. ഇപ്രകാരം തസ്തിക ക്രമീകരണം വഴി ഉണ്ടായ 2 സൂപ്രണ്ട് ഗ്രേഡ് -I ഒഴിവുകളിലേയ്ക്കും 1.11.2013 പ്രാബല്യത്തിൽ നിലവിൽ വന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I-ന്റെ 2 റിട്ടയർമെന്റ് ഒഴിവുകളും ചേർത്ത് 4 ഒഴിവുകൾ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ 31.12.2013 ൽ ഒഴിഞ്ഞുകിടപ്പുണ്ട്. പരാമർശം (1) വിശേഷാൽ ചട്ടാനുസരണം ജൂനിയർ സൂപ്രണ്ടുമാർക്ക് അനുവദനീയമായ 18 സൂപ്രണ്ട് ഗ്രേഡ് I തസ്തികകളിൽ 14 ജീവനക്കാർ മാത്രമേ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നുള്ളു. ആകയാൽ, മേൽ പ്രസ്താവിച്ച 4 ഒഴിവുകൾ പരാമർശം (5)ലെ സെലക്റ്റ് ലിസ്റ്റിൽ നിന്ന് താഴെപ്പറയുന്ന ജീവനക്കാർക്ക് KS&SSR ചട്ടം 28 A(i) പ്രകാരം ഉദ്യോഗക്കയറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും, കാര്യാലയവും | ഉദ്യോഗക്കയറ്റം / സ്ഥലംമാറ്റി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീ.കെരവീന്ദ്രൻ ആചാരി<br>ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, എറണാകുളം. | സൂപ്രണ്ട് ഗ്രേഡ്-I<br>വൃദ്ധസദനം,<br>കോട്ടയം | ഉദ്യോഗക്കയറ്റം |
| 2. | ശ്രീ.കെ.ജി.വിൻസെന്റ്<br>ജൂനിയർ സൂപ്രണ്ട്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, തൃശൂർ. | റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർ,<br>എറണാകുളം. | ഉദ്യോഗക്കയറ്റം |
| 3. | ശ്രീ.വി.കെ.രാധാകൃഷ്ണപിള്ള<br>ജൂനിയർ സൂപ്രണ്ട്,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | സൂപ്രണ്ട് ഗ്രേഡ് I<br>ആശാഭവൻ (മെൻ)<br>എറണാകുളം. | ഉദ്യോഗക്കയറ്റം |
| 4. | ശ്രീ.കെ.എൻ.ശിവശങ്കരൻ<br>ജൂനിയർ സൂപ്രണ്ട് (ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II ആയി കോട്ടയം ജുവനൈൽ ഹോമിൽ ജോലി നോക്കിവരുന്നു) | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I<br>ഗവ. ചിൽഡ്രൻസ് ഹോം,<br>തിരുവനന്തപുരം. | ഉദ്യോഗക്കയറ്റം |

6. മേൽ പുനഃക്രമീകരണങ്ങൾ / ഉദ്യോഗക്കയറ്റങ്ങൾ നൽകുമ്പോൾ 2012-ലെ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് ഭേദഗതി ചട്ടം ഖണ്ഡിക 2(a) പ്രകാരം കാറ്റഗറി 8-ലെ ഓരോ വിഭാഗത്തിലെയും കേഡർ സ്ട്രെങ്ത് നിലവിലുള്ള ജീവനക്കാർ നിലവിലുള്ള ഒഴിവുകൾ എന്നിവ അടങ്ങുന്ന വിശദമായ ടേബിൾ താഴെ ചേർക്കുന്നു.

| ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ട്രെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| 1 | ക്ഷേമ സ്ഥാപന സൂപ്രണ്ട് Gr.II | 10 | - | 10 | ഉദ്യോഗക്കയറ്റത്തിന് അർഹരായ ജീവനക്കാർ ആരുംതന്നെ ഇല്ല |
| 2 | ജൂനിയർ സൂപ്രണ്ട് | 18 | 18 | - | |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ / വി.റ്റി.സി സ ൂപ്പർവൈസർ / സോഷ്യൽ സയന്റിസ്റ്റ് | 9 | 4 | 5 | |
| ആകെ | | 37 | 22 | 15 | |

പുനക്രമീകരണം നടത്തിയിട്ടുള്ള ജീവനക്കാരെ കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ അതാത് കാര്യാലയങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്. പുന:ക്രമീകരണം / ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള പ്രവേശനകാലത്തിനും ടി.എ/ ഡി.എയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:-
1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്.
3. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്.
4. RAD, തിരുവനന്തപുരം / എറണാകുളം.
5. സൂപ്രണ്ട്, സ്പെഷ്യൽ ഹോം, തിരുവനന്തപുരം.
6. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്